(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കയർമേഖല നേരിടുന്ന പ്രതിസന്ധി

*4 [320] ശ്രീ. പിരപ്പൻകോട് മുരളി:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചകിരിയുടെ ദൗർലഭ്യം മൂലം കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി തൊണ്ടും ചകിരിയും ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തൊണ്ടിന്റെയും ചകിരിയുടേയും ദൗർലഭ്യം നേരിടുന്നതിന് സംസ്ഥാനത്ത് ലഭിക്കുന്ന തൊണ്ട് പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് ലഭിക്കുന്ന തൊണ്ടിന്റെ എത്ര ശതമാനമാണ് ഇപ്പോൾ വിനിയോഗിക്കുന്നതെന്ന് പറയുമോ;

(ഇ) ലക്ഷദ്വീപിൽ നിന്നും തൊണ്ട് കൊണ്ടുവരുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ ആന്റ് ബി) ചകിരിയുടെ ദൗർലഭ്യം മൂലം കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ കർണ്ണാടകത്തിൽ നിന്നും ലക്ഷദ്വീപിൽ നിന്നും ചകിരി കയർ കോർപ്പറേഷൻ വഴിയും കയർഫെഡ് വഴിയും വിലയ്ക്കു വാങ്ങിക്കുന്നുണ്ട്. കൂടാതെ ടെൻഡർ വിളിച്ച് കയർഫെഡ് ചകിരി വാങ്ങി സൊസൈറ്റികൾക്ക് വിലയ്ക്ക് നൽകുന്നുണ്ട്. കയർ ഫെഡ് വഴി തൊണ്ട് ചകിരി സംഭരിക്കുന്നതിനായി ഒരു കോടി രൂപ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 150 ലക്ഷം രൂപ നൽകുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് പരിഗണിച്ചു വരുന്നു. കൂടാതെ താൽക്കാലികമായി ഇറക്കുമതി ചുങ്കം ഇല്ലാതെ ശ്രീലങ്കയിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യാനുള്ള അനുവാദത്തിനായി കേന്ദ്രഗവൺമെന്റിനോടഭ്യർത്ഥിച്ചിട്ടുണ്ട്. കയറ്റുമതിക്കെതിരെ ഇറക്കുമതി എന്ന പദ്ധതി വഴി ശ്രീലങ്കയിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡും കയർ കോർപ്പറേഷനും ആലോചിച്ചു വരുന്നു. സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ അനുവദിച്ചിരുന്ന 56 തൊണ്ടു തല്ലൽ യൂണിറ്റുകളും പ്രവർത്തനക്ഷമ മാക്കാനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുന്നതോടൊപ്പം സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന തൊണ്ടു തല്ലൽ യന്ത്രത്തിന്റെ വിലയുടെ 50 ശതമാനം തുക അഞ്ചു ലക്ഷത്തിൽ പരിമിതപ്പെടുത്തി പ്രത്യേക സബ്സിഡിയായി നൽകുന്നു.

(സി) സംസ്ഥാനത്ത് ലഭ്യമായ മുഴുവൻ തൊണ്ട് ഇതിനായി ഉപയോഗിക്കു മെങ്കിൽ ആയത് പര്യാപ്തമാകുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

(ഡി) സംസ്ഥാനത്തുള്ള ലഭ്യമായ തൊണ്ടിന്റെ 40 ശതമാനം വരെ മാത്രമേ ഇപ്പോൾ വിനിയോഗിക്കുന്നുള്ളു.

(ഇ) പരീക്ഷണാടിസ്ഥാനത്തിൽ 100 കിന്റൽ തൊണ്ട് ബെയ്പ്പൂരിൽ എത്തിക്കുന്നതിന് കയർഫെഡ് വഴി ശ്രമിച്ചിരുന്നു. എന്നാൽ ലക്ഷദ്വീപിൽ നിന്നും ലഭ്യമായത് ഉണങ്ങിയ തൊണ്ടാണ്. ഇതിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന ബ്രൗൺ ഫൈബറിന് സംസ്ഥാനത്ത് ഡിമാന്റ് കുറവാണ്. ലക്ഷദ്വീപിൽ നിന്നും തൊണ്ട് വിലയ്ക്കു വാങ്ങികൊണ്ടു വരുന്നതിന് ചെലവ് കൂടുമെന്നും കണക്കാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ തുടർനടപടി താൽക്കാലികമായി നിർത്തിവച്ചിരിക്കു കയാണ്.

കശുമാവ് കൃഷി വികസന പദ്ധതി

*5 [321] ശ്രീ. പി. കെ. അബ്ദു റബ്ബ്:

,, സി. ടി. അഹമ്മദ് അലി:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, സി. മോയിൻകുട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കശുമാവ് കൃഷി വികസന പദ്ധതിയുടെ പ്രവർത്തനം ഏതെല്ലാം പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പുതുതായി കശുവണ്ടിത്തോട്ട വികസനത്തിനും പുതിയ ഇനം തൈകൾ നടുന്നതിനും പദ്ധതിയുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം ഇത് പ്രാവർത്തികമാക്കി എന്ന് വെളിപ്പെടുത്താമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കേന്ദ്രീകരിച്ചാണ് നടപ്പിലാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly